**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഇ പോസ് യന്ത്രങ്ങളുടെ സെർവർ തകരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എന്‍ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ പോസ് യന്ത്രങ്ങളുടെ സെർവർ തകരാറിനെ തുടർന്ന് റേഷൻ വിതരണം മുടങ്ങിയതിനാൽ റേഷൻ കടകൾ അടച്ചിടേണ്ടിവന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് റേഷൻ കടകളിൽ ഉപയോഗിച്ച് വരുന്ന ഇ-പോസ് യന്ത്രങ്ങളുടെ സെർവറിലുണ്ടായ താൽക്കാലിക തടസ്സം മൂലം റേഷൻ കടകൾ പൂർണമായി അടച്ചിടേണ്ടി വന്നിട്ടില്ലെങ്കിലും 13/01/2022 മുതൽ 25/01/2022 വരെ 7 ജില്ലകൾ രാവിലെയും ബാക്കിയുള്ള 7 ജില്ലകൾ ഉച്ചക്ക് ശേഷവും എന്ന രീതിയിൽ വിതരണം ക്രമീകരിച്ചിരുന്നു. |
| (ബി) | റേഷൻ വിതരണം നിലച്ചതിനാൽ സാധാരണക്കാർക്കുണ്ടായ പ്രയാസങ്ങൾ തരണം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത താൽക്കാലിക തടസ്സമുണ്ടായ ജനുവരി മാസം, തൊട്ടുമുമ്പുള്ള 3 മാസത്തേക്കാളും കൂടുതൽ കാർഡുടമകൾ റേഷൻ വാങ്ങിയിട്ടുണ്ട്. |
| (സി) | സെർവർ തകരാറുകൾക്ക് ശാശ്വത പരിഹാരം കണ്ടെത്തി റേഷൻ മുടങ്ങാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ? | (സി) | സെർവറിന് സ്ഥിരമായ ഒരു തകരാറും നിലവിൽ ഇല്ല. സാങ്കേതിക തടസങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്. PDS സെർവറിൽ സൂക്ഷിച്ചിട്ടുള്ള കഴിഞ്ഞ 3 വർഷത്തെ വിതരണം സംബന്ധിച്ചുള്ള ഡാറ്റ സുരക്ഷിതമായി മറ്റൊരു സെർവറിലെയ്ക്ക് മാറ്റി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനം നിലനിൽക്കുന്ന മേഖലകളിലുണ്ടാകുന്ന സ്വാഭാവിക തടസ്സങ്ങൾ മാത്രമേ ഇവിടെയും ഉണ്ടായിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ